സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും ഒരേ വിധത്തിലുള്ള കൂലി കയർപിരി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. ലഭ്യമായ കണക്കുകൾ പ്രകാരം ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്നത് മലബാർ മേഖലയിലാണ്. ഇവിടെ സ്ത്രീ തൊഴിലാളികൾക്ക് ശരാശരി 30 രൂപയും പുരുഷ തൊഴിലാളികൾക്ക് 75 രൂപയുമാണ് ലഭിച്ചുവരുന്നത്. സഹകരണ മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ചുവരുന്ന 150 രൂപ കൂലി സ്വകാര്യ മേഖലയിലും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത്തരം സ്വകാര്യ സംരംഭകരുടെ കയർ, കയർഫെഡ് കയർവികസന. വകുപ്പിന്റെ നിബന്ധനകൾക്ക് അനുസൃതമായി ശേഖരിക്കുന്ന പദ്ധതിയാണിത്.

(ബി) 15-6-2010 മുതൽ 150 രൂപ ആയി സഹകരണ മേഖലയിലെ തൊഴിലാളികൾക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് 150 രൂപ കൂലി നൽകുന്ന സംരംഭകരുടെ കയർ കയർഫെഡ് മുഖാന്തിരം ശേഖരിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കയർ വികസന വകുപ്പ് അനുശാസിക്കുന്ന നിബന്ധനകൾ ഇവർ പാലിക്കണം. സ്വകാര്യ സംരംഭകർ തൊഴിലാളികളെ സംബന്ധിക്കുന്ന വിവരം ബന്ധപ്പെട്ട പ്രോജക്ട് ഓഫീസുകളിൽ രജിസ്റ്റർ ചെയ്യുകയും ഈ പദ്ധതിയിൽ ഭാഗഭാക്കാവുന്ന സ്വകാര്യ സംരംഭകർ അവരുടെ സ്ഥാപനത്തിൽ Muster Roll, കൂലി നൽകുന്ന വിവരം തുടങ്ങി എല്ലാ വിവരങ്ങളും സൂക്ഷിക്കേണ്ടതും കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ, കയർഫെഡ് ഉദ്യോഗസ്ഥർ എന്നിവർ പരിശോധനയ്ക്ക് എത്തുമ്പോൾ നൽകേണ്ടതുമാണ്. കൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന സംരംഭകർ പ്രത്യേക എഗ്രിമെന്റും നൽകേണ്ടതാണ്. പദ്ധതി നടത്തിപ്പിനായി എല്ലാ സർക്കിളിലും കയർ ഇൻസ്പെക്ടർ കൺവീനറായി കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയിൽ കയർഫെഡിന്റെ പ്രതിനിധി കൂടാതെ CITU, INTUC, AITUC പ്രതിനിധികളും അതാത് പ്രദേശങ്ങളിൽ ദേശീയ അംഗീകാരമുള്ള മറ്റ് ട്രേഡ് യൂണിയനുകളുടെ ഓരോ പ്രതിനിധിയും ഉൾപ്പെടുന്നതാണ്. സ്വകാര്യ ഉൽപ്പാദകരിൽ നിന്നും കയർഫെഡ് ഒരു സർക്കിളിൽ ഒരു സെന്ററിലൂടെയെങ്കിലും കയർ ശേഖരിക്കുന്നതുമാണ്.

**വൈദ്യുതി ഓംബുഡ്സ്മാൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

23 (*443) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ഓംബുഡ്സ്മാൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉപഭോക്താക്കളുടെ എല്ലാ പരാതികളും ഓംബുഡ്സ്മാൻ നേരിട്ട് സമർപ്പിക്കാൻ കഴിയുമോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഓംബ്ഡ്സ്മാന് മുന്നിൽ ഇപ്പോൾ എത്ര പരാതികൾ നിലവിലുണ്ട് ;

(ഡി) ഓംബുഡ്സ്മാന്റെ പ്രവർത്തനം സംബന്ധിച്ച് വൈദ്യുതി ഓഫീസുകളിലൂടെയും മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക, അവരുടെ പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണാനായി ഒരു പ്രത്യേക സംവിധാനം ഒരുക്കുക എന്നിവയാണ് കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം (സി.ജി.ആർ.എഫ്.), വൈദ്യുതി ഓംബുഡ്സ്മാൻ എന്നിവ രൂപീകരിച്ചതിന്റെ ഉദ്ദേശം.

(ബി) കഴിയില്ല. സി.ജി.ആർ.എഫ്. പരിഗണിച്ച് തീർപ്പ് കൽപ്പിച്ച പരാതികളിന്മേലുള്ള അപ്പീൽ പരാതികൾ മാത്രമേ ഓംബുഡ്സ്മാൻ പരിഗണിക്കുകയുള്ളൂ.

(സി) 2008 ആഗസ്റ്റ് മാസം എറണാകുളത്ത് ഇടപ്പള്ളിയിൽ പ്രവർത്തനമാരംഭിച്ച ശേഷം 144 അപ്പീൽ പരാതികൾ ലഭിച്ചതിൽ 119 എണ്ണം തീർപ്പാക്കി. 25 എണ്ണം പരിഗണനയിലാണ്.

(ഡി) ഉപഭോക്തൃ പരാതി പരിഹാര ഫോറത്തിന്റെയും ഓംബുഡ്സ്മാന്റേയും വിവരങ്ങൾ കെ.എസ്.ഇ. ബോർഡിന്റെ വെബ്സൈറ്റായ www.kseb.in-ൽ ലഭ്യമാണ്. കൂടാതെ അവയെ ബന്ധപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ബോർഡ് ഉപഭോക്താക്കൾക്ക് നൽകുന്ന വൈദ്യുതി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉപഭോക്തൃ ബോധവൽക്കരണത്തിനായി ലഘുരേഖകൾ പ്രസിദ്ധീകരിക്കുക, മേഖലാതലത്തിൽ ക്ലാസ്സുകൾ നടത്തുക തുടങ്ങിയ പരിപാടികളും ലക്ഷ്യമിടുന്നുണ്ട്.

**മണ്ണുപരിശോധനാ ലബോറട്ടറികളുടെ പ്രവർത്തനം**

24 (*444) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണുപരിശോധനാ ലബോറട്ടറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly